# വിരൽത്തുമ്പിലെ വർണ്ണച്ചിറകുകൾ

LITTLE KITES 2018-19

# വിരൽത്തുമ്പിലെ വർണ്ണച്ചിറകുകൾ

സെന്റ് ജോസഫ് എച്ച് എസ് എസ്

വിളക്കമാടം

*എഡിറ്റോറിയൽ.....*

*വിരൽതുമ്പുകളിൽ ജീവത്പ്രവർത്തനങ്ങളുടെ തുടിപ്പുകൾ*
*നിറഞ്ഞുനിൽക്കുന്നു....ഇത് ശാസ്ത്രപഠനം. ഈ വിരൽതുമ്പുകൾതീർത്ത*
*വിസ്മയചിത്രങ്ങളാണ് ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്നതും. വിവരവിനിമയ*
*സാങ്കേതികവിദ്യഈ പ്രപഞ്ചത്തെ നമ്മുടെ കൈക്കുമ്പിളിൽ*
*ഒതുക്കുമ്പോൾ--- അവ ഉയർത്തുന്ന അനന്ത സാധ്യതകൾ*
*ഞങ്ങളെ ആവേശം കൊള്ളിക്കുന്നു "ലിറ്റിൽ കൈറ്റ്സ് " എന്ന*
*പൊതു വിദ്യാഭ്യാസ*
*സംരക്ഷണ സംരംഭം ഞങ്ങളെ ചേർത്തുനിർത്തി*
*കൈപിടിച്ചു നയിച്ചപ്പോൾ*
*ഞങ്ങളുടെ കുഞ്ഞുവിരൽതുമ്പുകൾ കടന്നുപോയ അക്ഷരക്കൂട്ടുകൾ തീർത്ത*
*വർണ്ണവാണീ വിസ്മയമാണ്---"വിരൽതുമ്പിലെ വർണ്ണച്ചിറകുകൾ ...!!!"*
*ഇതു വെറും അക്ഷരക്കൂട്ടങ്ങളല്ല...ഇവ ഞങ്ങൾക്ക് വർണ്ണച്ചിറകുകളാണ്...*
*അക്ഷരതൂവൽ കൊണ്ട് കൊരുത്തെടുത്ത അക്ഷരച്ചിറകുകൾ...*

*ഇവയിലൂടെ ഞങ്ങൾ വിവരവിനിമയസാങ്കേതികവിദ്യയുടെ അനന്തവിഹായസിലേക്ക് ഒന്നെത്തിനോക്കുകയാണ്*
*...മാതൃഭാഷയുടെ*
*നറുമണം അടുത്തറിഞ്ഞ്.....................*
*ഒരു പറക്കലിനായ് ഈ ചിറകുകൾ വിരിക്കട്ടെ ....................*

*അനുഗ്രഹിച്ചാലും...ആശിർവദിച്ചാലും ...!!!*
*കൂടെയുണ്ടായിരുന്നവർക്ക്...കൂട്ടായിനിന്നവർക്ക്*
*ഹൃദ്യമായ നന്ദി...!!!*
*അഭിവന്ദ്യരായ ഗുരുക്കന്മാർക്ക് സ്നേഹപ്രണാമം!!!*

*എഡിറ്റേഴ്സ്: നോയൽ റെജി*
*അഭിമന്യു കെ ശശി*
*ഗോകുൽ എ ആർ*
*ജോസു മാത്യൂസ്*

## ഉള്ളടക്കം


പുസ്തകച്ചിറകുകളിൽ അക്ഷരമുറ്റം....6

പരിമിതരുടെ ലോകം....8

കുരങ്ങും പുള്ളിമാനും....10

നീയും ഞാനും....12

മരംവെട്ടുകാരനും പുരോഹിതനും....14

കേരളം....16

മരണം....18

സ്നേഹം....20

യഥാർത്ഥത്തിൽ കണ്ണീർ എങ്ങനെയൊക്കെ ഉണ്ടാകാം ?....21

നമ്മുടെ പതാകയുടെ കൂട്ടുകാർ....23

മാറ്റങ്ങളുടെ കാലം....25

നീ എൻ സോദരി....26

*ഓർമ്മയിൽ*....28

ഞാൻ ആര്?....30

*മലയാള ചെറുകഥ....31*

വിമ്മിയുടെ വള്ളം....32

മഴ....36

കടങ്കവിതകൾ....37

*മരം*....39

*വെള്ളപ്പൊക്കം*....40

കുഞ്ഞിക്കൈകളിൽ മധുരം....43

കണക്കിലെ കളികൾ....46

അമ്മയുടെ സ്നേഹം....48

ഉപ്പിന്റെ കൗതുകം....50


കാക്കയും കൊക്കും....52

ക്വിസ്....53

തൊഴിൽ മേഖലയിലെ കാപട്യം....57

*ഈശ്വരൻ സാക്ഷിയായ്*....60

# പുസ്തകച്ചിറകുകളിൽ അക്ഷരമുറ്റം



മാധുര്യം കിനിയുമീ വാക്കുകളിൽ
ഞാനറിയുന്നു നിന്നിലെ പെറ്റമ്മതൻ വാൽസല്യം
നിറയുമാ കണ്ണിലെ തിരിനാളം
ഇടറുമെൻ വഴികൾക്കു പ്രകാശമായി മാറുന്നുവോ
അക്ഷരമുറ്റത്തിൻ വരാന്തയിൽ
ഏകാകിയാകുമാ നിമിഷം നെഞ്ചോടു ചേർത്തു നീ
വിടരുമീ കണ്ണുകളിൽ സ്ഫുരിക്കുന്നു
നിന്നോടുള്ള എൻ സ്നേഹസാഗരം
നിശ്വരമാം ഈ ലോകത്തു നീ
അനശ്വമാകുന്നു ഈ യാത്രവേളയിൽ
അന്ത്യമില്ലാത്ത ഈ പാതയിൽ
നിൻ കൈചേർത്തു ഞാൻ ഈ വീഥിയിൽ
ഒരു ചരടിൽ കോർക്കും മുത്തുകൾപ്പോലെ


പിരിയില്ലൊരിക്കലുമീ ഹൃദയാദ്രമാം സൗഹൃദം
മൃദുലമാം നിൻ തൂവൽ സ്പർശം
തലോടുന്ന എന്നിലെ നിസ്വരം
വിടരുമീ പൂവിൻ മധു തേടി
ഞാനലയുന്നു ഈ പുസ്തകതാളുകളിൽ



റോസ് മരിയ ബിനു

# പരിമിതരുടെ ലോകം

പതിമിതരുടെ ലോകമിടുങ്ങിയതാണ്. എപ്പോഴും ആശ്രയം വേണമർക്ക് . എങ്കിലും ഇരു കാലുകളില്ലാത്ത, കൈകളില്ലാത്ത ,സംസാരശേക്ഷി ഇല്ലാത്ത, കേൾവി ശക്തി



നഷ്ടമായവർ അങ്ങനെ എത്രയോപേർ. കേൾവിശക്തിയില്ലാതെ, സംസാരശേഷി ഇല്ലാത്ത എത്രപേരാണ്ഉന്നതവിജയം കരസ്ഥമാക്കിയവർ. തന്നെക്കാൾ ഇളയ സഹോദരൻ  തനെക്കാൾമുമ്പേ നടക്കുന്നതുകണ്ട് ഏറെ ദു:ഖിക്കുന്നയാൾ പത്താം ക്ലാസിൽ നേടിയത് 98% . കേൾവി ശക്തിയില്ലാതെ ഡോക്ടറാകാൻ പഠിക്കുന്ന പെൺകുട്ടി. ഇരും കാലുകളിലാതെ ജീവിത വിജയം നേടിയവർ എന്നും അവരേപ്രതി  അവരുടെ മാതാപിതാക്കൾക്ക് അഭിമാനം മാത്രമാണുള്ളത് . എന്നാൽ ജനിച്ചു വീഴുമ്പോൾ ദു:ഖവും. എല്ലാം തികഞ്ഞോരായ നമ്മൾ നമ്മുടെ മാതാപിതാക്കൾ സമ്മാനിക്കുന്നത് എന്താണ്

എന്ന് ചിന്തിക്കുന്നത് നല്ലതാണ്.നമ്മുടെ മാതാപിതാക്കൽക്ക് നാം ജനിക്കുമ്പോൾ ഏറെ സന്തോഷിക്കുന്നു എന്നാൽ നാം വലുതായി കഴിഞ്ഞ് അവർക്ക് നൽകുന്നത് ദു:ഖങ്ങളാകുന്ന അനുഭവങ്ങൾ.

എല്ലാ പരിമിതികളും വലിച്ചെറിഞ്ഞ് ശുഭാപ്തി വിശ്വാസവുമായി അവരിന്നും നിലകൊള്ളുന്നു. എത്ര ചെറുപ്പകാരാണ് ലഹരി യവർ അവരെയോർത്ത് അവരുടെ മാതാപിതാക്കൾ സന്തോഷിക്കുന്നുവോ? ഒരിക്കലുമില്ല. അവരെയോർത്ത് മനസ്സുനുറങ്ങി പ്രാർത്ഥിക്കുന്നു. ഏറെ കഴിവുള്ളവരാണ് നമ്മൾ അതിനാൽ അഹങ്കരിച്ചാൽ മാത്രം പോരാ മറ്റുള്ളവർക്ക് ഒരു മാതൃകയായി നമ്മുടെ കഴിവുകൾ ഉപയോഗിക്കണം . ഈ പുതു വർഷത്തിൽ എനിക്കും നിനക്കും ലഭിച്ചിരിക്കുന്ന കഴിവാകളിൽ സന്തോഷിക്കാം ജിവിത വിജയം കരസ്ഥമാക്കാം.



*ലിസ് മരിയ ജോസഫ്*

# കുരങ്ങും പുള്ളിമാനും

ഒരിടത്തൊരിടത് ഒരു ആഞ്ഞലിമരത്തിൽ ഒരു കുരങ്ങമ്മയും കുഞ്ഞും ഉണ്ടായിരുന്നു.




ആ ആഞ്ഞിലിമരത്തിൽ കൂട്ട കൂട്ടാനായി കുറെ തേനീച്ചകൾ വന്നു.ആ തേനീച്ചകൾ തേൻ ശേഖരിച്ചു.വസന്തകാലമായപ്പോൾ തേൻ ഒത്തിരിയായി.അപ്പോഴാണ് അതുവഴി ഒരു കരടി വന്നു പോയത്. കരടിക്ക് തേൻ വളരെ ഇഷ്ടമാണ്.കരടി ആ മരത്തിൽ തേനിച്ചകളുടെ കൂട് കണ്ടു.അതിൽ നിറയെ തേൻ.ആ കരടി അതിൽ വലിഞ്ഞു കയറി. അത് ആ കുരങ്ങമ്മ കണ്ടു. ആ കുരങ്ങമ്മ ആ കരടിയെ വളരെ തടഞ്ഞെങ്കിലും കുരങ്ങ് പരാജയപ്പെട്ടു.അത് ചത്തു താഴെ വീണു. പക്ഷേ ആ കുഞ്ഞു കുരങ്ങിന്റെ കരച്ചിൽ  അതുവഴി വന്ന ഒരു പുള്ളിമാൻ കണ്ടു.അപ്പോൾ  ആ പുള്ളിമാൻ ആ കുഞ്ഞുകുരങ്ങിനെ രക്ഷിച്ചു അതിനെ വളർത്തിയെടുത്തു.അങ്ങനെ

ഉറ്റമിത്രങ്ങളായി തീർന്നു പുള്ളിമാനും
കുരങ്ങും അപകടസന്ദർഭങ്ങളിൽ സഹായിക്കുന്ന
സുഹൃത്തുക്കളായി മാറി.

******



വന്ദന ഷിബു

<u>അപകട സന്ദർഭങ്ങളിൽ  സഹായിക്കുന്നവനാണ്
യഥാർത്ഥ സുഹൃത്ത്</u>

## നീയും ഞാനും

ഞാനൊരു പുൽക്കൊടിയാകുന്നു
നീയതിനെ കുളിർപ്പിക്കും മഞ്ഞുതുള്ളിയും
ചിറകടിച്ചുയരുവാൻ ഓർമ്മകൾ നൽകി
നിഴലായി കൂടെ നടന്ന സുഹൃത്തെ




അറിയുന്നു ഞാനെൻ മനതാരിൽ
നിന്നെ പിരിയുന്നവേളയിൽ നൊമ്പരം
ദീർഘമാം ജിവിതപാതയിൽ
വിരഹത്തിൽ ഏകാന്ത വേർപാടുകളിൽ

കരുത്തായി, ബലമായി, താങ്ങായി, തണലായി
എന്നെ താങ്ങിയ പ്രിയ സുഹൃത്തെ
വാശിപിടിച്ചും, ശഠിച്ചും, കുതറിയും നാം
പിന്നിട്ട ഹൃസ്വമാം വിദ്യാലയ നിമിഷങ്ങൾ.

അതിനിടയിൽ നാം നുകർന്ന
മധുരിത നിമിഷങ്ങൾ ഓരോന്നും

എന്നുള്ളിൽ മായാതെ ഇന്നും
നിൽപ്പൂ പ്രിയ തോഴാ.

കാലത്തിൽ ചിന്മുദ്ര പതിപ്പിച്ച ആ-
സുരഭിലെ നിമിഷങ്ങൾ മടങ്ങിയെത്തുവാൻ
ഇന്നും ഏകാന്തമാം ഓർമകളിൽ
ഞാൻ ഇരിപ്പൂ  പ്രിയ സഖേ.



അബി ടോം

# മരംവെട്ടുകാരനും പുരോഹിതനും

ഒരിക്കൽ ഒരു നാട്ടിൽ ഒരു മരംവെട്ടുകാരൻ ജീവിച്ചിരുന്നു.അയാൾ ഒരു മരം വെട്ടാനായി പോയി.അയാൾ മരത്തിൻ ശിഖരത്തിൽ കയറി മരം വെട്ടാനായി ഇരുന്നു.അയാൾ ഇരുന്ന ആ ശിഖരം തന്നെയായിരുന്നു അയാൾ വെട്ടിയതും.അപ്പോൾ അതുവഴി ഒരു പുരോഹിതൻ കടന്നുപോയി .അദ്ദേഹം മരം വെട്ടുകാരനോട്




പറഞ്ഞു:താൻ എന്ത് വിഡ്ഢിത്തമാണ് കാണിക്കുന്നത്.ആ ശിഖരം വെട്ടിക്കഴിയുമ്പോൾ താനും അതിനോടൊപ്പം താഴെപ്പോരില്ലേ?ആ മരം വെട്ടുകാരൻ പറഞ്ഞു :താനെന്നെ കൂടുതൽ പഠിപ്പിക്കുവൊന്നും വേണ്ടാ.ഞാൻ ഈ നാട്ടിലേ

ഒരേയൊരു മരം വെട്ടുകാരനാണ്.പുരോഹിതൻ ഒന്നും മിണ്ടാതെ അവിടെ നിന്നും പോയി.അയാൾ വീണ്ടും മരം വെട്ടാൻ തുടങ്ങി.മരം മുറിഞ്ഞ് താഴെ വീണു. കൂടെ അയാളും അയാളുടെ  കോടാലിയും താഴേക്ക് വീണു.താഴെ വീണപ്പോൾ അയാൾ ആ പുരോഹിതൻ പറഞ്ഞതോർത്തു.ആ പുരോഹിതൻ പറഞ്ഞിരുന്നു താൻ ഇതിൽനിന്നും വീണാൽ  മരിച്ച് പോകുമെന്ന്.മരം വെട്ടുകാരൻ വീണപ്പോൾ വിചാരിച്ചു താൻ മരിച്ചു പോയെന്ന്.അയാൾ മരിച്ചതെങ്ങനെയാണെന്നും  എപ്പോഴാണെന്നുമുള്ള വിശദവിവരം നാട്ടിലെല്ലാവരോടും പറഞ്ഞ് നടന്നു.അയാളുടെ ഭാര്യ മാത്രമായിരുന്നു അൽപമെങ്കിലുംവിവരമുള്ളവൾ.ആ നാട്ടിൽ വേറെ മരം വെട്ടുകാരനില്ലായിരുന്നതുകൊണ്ട് അയാളുടെ ഭാര്യ പറഞ്ഞു :എങ്കിൽ  മരം വെട്ടുകാരൻ തന്നെ ചെന്ന് ദഹിപ്പിക്കാനായി മരം വെട്ടിക്കൊണ്ട് വരട്ടെ.അവനത് അനുസരിച്ചു. അയാളുടെ ശരീരം ദഹിപ്പിക്കൽ

ദിവസങ്ങൾ നീണ്ടുനിന്നു . പിന്നീട് അയാൾ മരിച്ചവനായി ജീവിച്ചു.



അലീന മാത്യു

# കേരളം

കേരളം പ്രകൃതി ശോഭയാൽ നിറഞ്ഞുനിൽക്കുന്നു. അപൂർവ്വമായി കാണാൻ കാണുന്ന സ്ഥലമാണ് കേരളം .ഇവിടെ 12 വർഷത്തിൽ ഒരിക്കൽ പൂക്കുന്ന  നീലക്കുറിഞ്ഞി ഈയിടെ കേരളത്തിൽ പൂത്തു. സഞ്ചാരികൾ നിറഞ്ഞുനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.Gods on country എന്നറിപ്പെടുന്ന കേരളം.കേരളത്തിൽ ധാരാളം വന്യമൃഗങ്ങളും മലനിരകളും ഉണ്ട്. കേരളം  ഹരിതമോഹനമാണ്.



## കഥകളി

കേരളത്തിലെ ക്ളാസിക് നൃത്തരൂപങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ കലയാണ്
കഥകളി
ആട്ടം
,പാട്ട്
,അഭിനയം



,വാദ്യം,സാഹിത്യം,ചിത്രകല മുതലായവ മിക്ക അടിസ്ഥാന കലകളും  ഇതിൽ ചേർന്നിട്ടുണ്ട്.

തെയ്യം

ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാനകലാരൂപം.
ദേവീദേവന്മാരെയും
യക്ഷഗന്ധർവ്വാതികളെയും
ഭൂതങ്ങളെയും മൃതിയടിഞ്ഞ
കാരണവൻമാരെയും
മൺമറിഞ്ഞ
വീരപരാക്രമികളെയും
കൊലസ്വരൂപമായി കൊട്ടിയടിച്ച്
ആരാധിക്കുകയാണ്
തെയ്യത്തിൽ





അഭിമന്യു കെ ശശി

# മരണം



കണ്ടിട്ടില്ല ഞാൻ കേട്ടിട്ടില്ല ഞാൻ
കാലത്തിൻ കരച്ചിലുകളെ
രുചിച്ചിട്ടില്ല ഞാൻ ശ്വസിച്ചിട്ടല്ല ഞാൻ
കാലത്തിൻ കിതപ്പുകളെ
കണ്ടവരിന്നില്ല കേട്ടവരിന്നില്ല
രുചിച്ചവരിന്നില്ല ശ്വസിച്ചവരിന്നില്ല
കാലമാം കെട്ടതിയിൽ അമർന്നുപോയി
അവർ മറഞ്ഞുപോയി കാലത്തിൻ ചെയ്തിയിൽ
ഞെരിഞ്ഞമർന്നവരേയും
ഏകാന്തതയിൽ അനാഥനാമെന്നെ
അന്യരനേകരാൽ സനാഥനാക്കി
അന്ധകാരത്തിൻ ഭീകരതയെ
അന്ധനാം ഞാൻ അനുഭവിച്ചു.
അലകടലിൻ ഉലച്ചിൽ പോലെ
എവിടയാണു നീ എവിടേക്കാണു നീ
ദീർഘമാം എന്നുടെ ജീവിത വീചിയിൽ
കാത്തിരിപ്പു ഞാൻ നിനക്കു വേണ്ടി
അന്ത്യമടുത്തു എന്നു തോന്നുന്നെനിക്ക്


ഭയക്കുന്നു ഞാൻ നിന്നെ.
നിൻെറ ദൂരം അളക്കുവാൻ കഴിവില്ലെനിക്ക്
എത്ര കാലം ദൂരത്താണു നീ.
കാലത്തെ ജയിക്കുവാൻ കഴിവില്ലെനിക്ക്
സമയത്തെയെതിർക്കുവാൻ കെല്പില്ലെനിക്ക്
വരുക എന്നെയും
പുൽകുകകാത്തിരിപ്പു ഞാൻ
നിനക്കുവേണ്ടി.



*ഡാനി അഗസ്റ്റിൻ*

# സ്നേഹം

ആദ്യ മഴതൻ  തുള്ളികളിലുണ്ട്  സ്നേഹം.
പൂക്കൾ തൻ സുഗന്ധത്തിലുണ്ട് സ്നേഹം.
അസ്തമയസൂര്യന്റെ കിരണങ്ങളിലുണ്ട്
സ്നേഹം.




ഓരോ പുതുദിന പ്രതീക്ഷയിലുണ്ട്
സ്നേഹം.
അനുരാഗചിന്തയുടെ അനുപല്ലവിയിലുണ്ട് സ്നേഹം.
പുലർമഞ്ഞിൻ കുളിരിലുണ്ട് സ്നേഹം.
പ്രകൃതിതൻ നിഷ്കളങ്കതയിലുണ്ട് സ്നേഹം.



ഗോകുൽ ബിജു

# യഥാർത്ഥത്തിൽ കണ്ണീർ എങ്ങനെയൊക്കെ ഉണ്ടാകാം ?

നമ്മുടെ കണ്ണിൽ നിരന്തരം ഉത്പാദിപ്പിക്കപ്പെട്ടുക്കൊണ്ടേയിരിക്കുന്ന കണ്ണീരാണ് ഒന്ന് . നമ്മുടെ കണ്ണുകളെ എണ്ണയിട്ട യന്ത്രം പോലെ ചലിപ്പിക്കാൻ ഈ കണ്ണീര് അനിവാര്യമാണ്. മിഴിപടലത്തിൽ ഒരു നേരിയ പാളി കണക്കേ അത് വ്യാപിച്ചു കിടക്കുമെപ്പോഴും . പൊടിയും



അഴുക്കുമൊക്കെ കണ്ണിനെ സംരക്ഷിക്കുന്ന ചുമതല അത് ഭംഗിയായി നിർവ്വഹിച്ചുകൊള്ളും.

കണ്ണുകൾ ഉത്പദിപ്പിക്കുന്ന പ്രതിധാര ആണ് മറ്റൊന്ന്. കണ്ണിന് അലോസരമുണ്ടാക്കുന്ന രാസപദാർഥങ്ങളുടെയോ കരടിന്റെയോ മറ്റോ സാന്നിധ്യമുണ്ടായാൽ പൊടുന്നനേ കൂടുതൽ അളവിൽ കണ്ണീരൊഴുക്കി മിഴിപടലത്തെ കഴുകി രക്ഷിക്കുന്ന ജോലിയാണിതിനുള്ളത്. ഉള്ളി അരിയുമ്പോൾ

*പ്രോപ്പെയിനെത്തിയോൾ - എസ് - ഓക്സൈഡ് എന്ന രാസപദാർഥം വായുവിൽ പരന്ന് നമ്മുടെ കണ്ണുകളിലെത്തുന്നു. ഇത് നമ്മുടെ കണ്ണിലെ ദ്രാവകവുമായി ചേർന്ന് സൾഫ്യൂരിക്കാസിഡ് ഉണ്ടാകുന്നു. ഇതാണ് പുകച്ചിലിന് കാരണമാകുന്നത്. ഇങ്ങനെ വരുമ്പോൾ കണ്ണ് പ്രതിധാര ഉത്പാദിപ്പിക്കുന്നു. അങ്ങനെ കൂടുതൽ കണ്ണീര് ഒന്നിച്ചൊഴുകുമ്പോൾ സൾഫ്യൂരിക്കാസിഡ് അതിൽ ലയിച്ച് ദുർബലമാകുന്നു.*

*വികാരാശ്രുക്കൾ ആണ് മറ്റൊരു തരത്തിലുള്ള കണ്ണീർ.അമിതമായ സന്തോഷമോ ദുഃഖമോ മൂലം വികാരാധീനരാകുമ്പോൾ നമ്മുടെ കണ്ണുകൾ നിറയും. ഈ കണ്ണീരിൽ സ്ട്രസ് ഹോർമോണുകളും വേദനസംഹാരികളും അടങ്ങുന്നുണ്ട് അത് നമുക്ക് മാനസിക സംതുലിതാവസ്ഥ വീണ്ടെടുക്കാൻ സഹായകമാകും.*



*നോയൽ റെജി*

-

# നമ്മുടെ പതാകയുടെ കൂട്ടുകാർ



ആഫ്രിക്കൻ രാജ്യമായ നൈജറിന് ഇന്ത്യയുമായി മറ്റാർക്കുമില്ലാത്ത ബന്ധമുണ്ട്. നൈജറിന്റെ പതാകയിലെ നിറങ്ങൾ ഏകദേശം നമ്മുടെ പതാകയിലേതു പോലെയാണ്! നമ്മുടെ പതാകയിലെ കുങ്കുമ നിറം  പോലെയുള്ള ഓറഞ്ച് ആണ് നൈജർ പതാകയിൽ മുകളിൽ. നടുവിൽ വെള്ള , താഴെ പച്ച! നടുവിൽ ഓറഞ്ച് നിറത്തിൽ ഒരു വട്ടവും.
ഇന്ത്യ,ഐവറികോസ്റ്റ്, അയർലാൻഡ്  എന്നിവയുടെ പതാകകൾക്കും ഏകദേശം ഇതേ നിറമാണ്. നിറങ്ങൾ കുത്തനെയാണ്  എന്നുമാത്രം.



നൈജർ



അയർലാൻഡ്



ഐവറി കോസ്റ്റ്



ഗോകുൽ എ ആർ

# മാറ്റങ്ങളുടെ കാലം

ചെറു കാറ്റലകൾക്കു പോലും
കടപുഴകി വീഴ്ത്താമെന്നായിരിക്കുന്നു
ചുവന്ന പനിനീർ മലരിനേക്കാൾ മുള്ളുകൾ
സമ്മാനിക്കുന്ന ചുവപ്പൊരിഷ്ടമായി തീർന്നിരിക്കുന്നു
വറ്റി വരണ്ട പുഴയോരത്തിരുന്നു
കഥമെനയാൻ, കവിതചൊല്ലാൻ തോന്നുന്ന
സൂര്യോദയമെത്രയോ കണ്ടു മടുത്തിരിക്കുന്നു
അസ്തമയത്തെ മാത്രമുറ്റു നോക്കുന്നു
മഴ പെയ്യുന്നുവെങ്കിൽ പേമാരി മതി
നിലയ്ക്കാത്ത പേമാരി
മിഴി തോരാതെ പെയ്യുകിൽ
ഉള്ളിലുയരുന്ന തേങ്ങലുകൾ
മഴാരവത്തിലലിഞ്ഞിടും
കണ്ണും നനയ്ക്കുവാൻ ജലത്തുള്ളിവേണം
പേമാരി പെയ്താൽ നാശം എന്ന് വിധിക്കുന്നു
വേനലിൽ ചുണ്ടുനനയ്ക്കാൻ ഇത്തിരി
*വെള്ളത്തിനായിയാചിക്കുന്നുമനുഷ്യൻ.*



*ഫെലിക്സ് ജോഷി*

# നീ എൻ സോദരി

ഏതോ തീരം തേടി ദൂരെ ദൂരെ
ഈ ഇരുട്ടിൻ തണലുപറ്റി
ഏകയായി ഞാൻ മുന്നോട്ട് നീങ്ങവേ......
പാതിപിന്നിയ കീറ തുണിയുമായ്
ആരോ പാതിയിൽ വാടി കിടക്കുന്നു
പുലമ്പുന്നുണ്ടവർ എന്തൊക്കെയോ..........
ഞാനറിയാത്ത ഭാഷയിൽ
നിറയുന്നുണ്ടാ കണ്ണുകൾ ആ മഴയത്തും
ആരാണിവൾ? എന്തിനാണീ കണ്ണുകൾ നിറയുന്നത്?
അടുത്തേയ്ക്കണഞ്ഞൊന്നു ചോദിക്കുവാൻ
നിനച്ചു ഞാൻ
ആ മുടിയിൽ വിരലൊന്നോടിക്കാൻ
കൊതിച്ചു ഞാൻ നില്ക്കവേ
ആ രക്തബന്ധം എൻ കാതിൽ മുഴങ്ങി
കണ്ണിൽ തറച്ചു
ഏതോ നരാധമൻ പിച്ചി ചീന്തി
ആ പെൺപൂവിനെ വഴിയിൽ
വലിച്ചെറിഞ്ഞ് ഇരുളിൽ മറഞ്ഞു

തുണയ്ക്കാരുമില്ലാതെ തൻ വിധിയെ
പഴിച്ചവൾ കിടക്കയാണീ വഴിവക്കിൽ
സോദരി മാപ്പ് നിനക്കുവന്നൊരീ നഷ്ടത്തെ
നിൻ ദുഃഖത്തെ എങ്ങനെ നീ സഹിക്കും
എങ്ങനെ നിന്നെ ഞാൻ ആശ്വസിപ്പിക്കും
വരുന്നു വീണ്ടും ചിലർ
നിൻ വേദന തൻ ആക്കം കൂട്ടാൻ
നിൻ മുറിവിൻ
കത്തികുത്തിയിറക്കാൻ



തരുന്നു ഞാൻ വാക്ക് നിനക്കായ്
പോവില്ല ഞാൻ ഒരിക്കലും തനിച്ചാക്കി നിന്നെ
കാണും ഞാൻ നിൻ കൂടെയെപ്പോഴും
നീ എൻ സോദരി ആ ബന്ധം
മായില്ല ഒരിക്കലും
കാണും ഞാൻ നിൻ
കൂടെയെപ്പോഴും.........



*റിയ ജോസഫ്*

# ഓർമ്മയിൽ

എങ്ങോ മറഞ്ഞു നീ ഓർമ്മക-
ളായി ഇന്നെൻ മിഴികളിൽ
ഒട്ടേറെ കാഴ്ച്ചകളും സ്വപ്നങ്ങളും
കവർന്നെടുത്തുകൊണ്ട്

നീയെൻ കിനാവിലും -
നിനവിലും
ഒരു പേടിസ്വപ്നംപോലെ
ഒട്ടേറ ജീവനുംജീവിതവും
മരവിപ്പിച്ചുകൊണ്ട്

ഇന്നെൻ കാതുകളിൽ കേൾക്കുന്നു
ആ നിലവിളി
ഇന്നെൻ മിഴികളെ ഈറനണി-
യിക്കുന്നു ആ നൊമ്പരങ്ങൾ
ഇന്നെൻ ശരീരം വിറയ്ക്കുന്നു
ആ നാളുകളിൻ ഓർമകൾ

എങ്കിലും നീയെൻ
സോദരരേ
വരെയും ഒരുമിപ്പിച്ചു

എല്ലാവരും ഒന്നിച്ചു
കൈകോർത്ത്
നിന്നെ എതിരേറ്റു

വഴക്കുകളും പിണക്കങ്ങളും മാറ്റി
ഒന്നിച്ചു കഴിഞ്ഞവർ ഒരു കുടിലിൻ കീഴിൽ
എങ്കിലും നീയൊരു പാഠം
പഠിപ്പിച്ചു ;എപ്പോഴും തയ്യാറായിരിക്ക
ഒന്നിച്ചു കൈകൾ കോർത്തെതിരേക്ക
*ഒരുമയോടെ*
*സ്നേഹത്തോടെ................*



*ടെസ ജോസ്*

# ഞാൻ ആര്?

ഞാൻ ഭൂമീമാതാവിൽനിന്ന് പൊഴിഞ്ഞ് വീഴുന്ന മണിമുത്താണ്.

.ഞാൻ എല്ലാവർക്കും ഒരു അനുഭൂതിയാണ്.

ഞാൻ വീഴുമ്പോൾ ചെടികൾ നൃത്തമാടുന്നു.

.ഞാൻ പലഭാഷയിൽ അറിയപ്പെടുന്നു.



.ഞാൻ കടലിൽ നിന്ന്ജന്മം കൊണ്ട് കടലിലേക്കുതന്നെ പോകുന്നു.

*ഹായ്! ഞാനാണ്  മഴ*

*ഗൗതം കൃഷ്ണ വി*



# മലയാള ചെറുകഥ

1889-ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച,വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ചെറുകഥ. വേങ്ങയിൽ കുഞ്ഞിരാമൻ നായർ, ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ,മൂർക്കോത്തു കുമാരൻ, തുടങ്ങിയവരിലൂടെ വളർന്നു മലയാള ചെറുകഥാപ്രസ്ഥാനം.




രൂപഭാവങ്ങളിൽ ഏറെ വൈവിധ്യം പുലർത്തുന്ന ഇന്നത്തെ എഴുത്തുകാരിലൂടെ അതിന്റെ ഏറ്റവും പുതിയ മുഖം വെളിപ്പെടുന്നു.



ദീപു ജോഷി

# വിമ്മിയുടെ വള്ളം



ഒരിടത്തൊരിടത്ത് ബിമ്മു

എന്ന ഹിപ്പോയും കിർക്കു

എന്ന തത്തയും കിച്ചു എന്ന

കുരങ്ങനും ഡൊപ്പു എന്ന

മുതലയും താമസിച്ചിരുന്നു.

ഒരു ദിവസം നാലുപേരും

കൂടി ഒരു

വള്ളമുണ്ടാക്കി.എന്നിട്ട്

പുഴയിലൂടെ തുഴഞ്ഞുനടന്നു.

ഇത് വിമ്മി എന്ന

സുന്ദരിവണ്ട് കണ്ടു.

“എന്നെക്കൂടി വള്ളത്തിൽ

കയറ്റാമോ ”വിമ്മി

ബിമ്മുവിനോട്

ചോദിച്ചു.”ഇല്ല”! ബിമ്മു

പറഞ്ഞു.“എന്നെക്കൂടി

വള്ളത്തിൽ

കയറ്റാമോ?”വിമ്മി

കിർക്കുവിനോട്

ചോദിച്ചു.ഇല്ല,ഇല്ല! കിർക്കു

പറഞ്ഞു.”എന്നെക്കൂടി

വള്ളത്തിൽ

കയറ്റാമോ?”വിമ്മി

കിച്ചുവിനോട്

ചോദിച്ചു.”ഇല്ല,ഇല്ല,ഇല്ല”!

കിച്ചു പറഞ്ഞു.”എന്നെക്കൂടി

വള്ളത്തിൽ

കയറ്റാമോ?”വിമ്മി

ഡൊപ്പുവിനോട്

ചോദിച്ചു.”ഇല്ല,ഇല്ല,ഇല്ല,ഇ

ല്ല”! ഡൊപ്പു

പറഞ്ഞു.വിമ്മിക്ക് ആകെ

സങ്കടമായി.അപ്പോഴാണ്

വിമ്മിയുടെ മുന്നിലേക്ക് ഒരു

പയർ പൊഴിഞ്ഞുവീണത്.

“ഹയ്യട!ഹയ്യാ” വിമ്മി

തുള്ളിച്ചാടി. അവൾ

പയറിനോട് ചേർന്ന് ഒരു

കമ്പും ഇലയും കെട്ടി .

പിന്നെ പയറുവള്ളം

പതുക്കെ പുഴയിലിറക്കി

തുഴഞ്ഞുകളിച്ചു. . .



ദേവദത്തൻ എം

മനോജ്

# മഴ

മഴ മഴ മഴ മാനത്തുന്നൊരു
മധുമഴ    മലർമഴ
മധുരമഴ
ഇടിമഴ തുടിമഴ ഇമ്പമഴ
പാടിപ്പാടി പാടിവരുന്നെ
പാൽമഴ പഴമഴ പവിഴമഴ



തെരേസ മരിയാ തോമസ്

# കടങ്കവിതകൾ

വെള്ളക്കാരൻ

വെളുവെളെ വെളുത്ത വെള്ളക്കാരൻ
വെള്ളത്തൊപ്പി ധരിക്കുന്നോൻ
ഒറ്റക്കാലേലുള്ളവനെന്നാ-
ലുറ്റവനാണു ചിലർക്കെല്ലാം

(കൂണ്)

കാറ്റത്താടി രസിക്കുന്നോൾ
കുന്തം പോലെ ജനിക്കുന്നോൾ
കുഴലായ് നിന്നു ചിരിക്കുന്നോൾ
കുഴൽ വിളി തീർത്താൽ
പായനിവർത്തി-
ക്കാറ്റത്താടി രസിക്കുന്നോൾ



(വാഴയില)

സോന സണ്ണി

# മരം

മരങ്ങൾ പ്രകൃതിയുടെ വരദാനമാണ്. അവ സംരക്ഷിക്കേണ്ടത് മനുഷ്യരുടെ കടമയാണ്. മരങ്ങളില്ലെങ്കിൽ മനുഷ്യരുമില്ല . ഈ സത്യം മനസ്സിലാക്കാതെയാണ് ഇന്നത്തെ സമൂഹം അവയെ വെട്ടിനശിപ്പിക്കുന്നത്. നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് മരങ്ങൾ.

അതിനാൽ അവയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അത് മനുഷ്യരുടെ ഉത്തരവാദിത്വമാണ്.

മരം ഒരു വരം



നേഹ ഷാജി

# വെള്ളപ്പൊക്കം

ഒറ്റമുറി വീടിൻ

അരികിലായി നിൽക്കുന്ന

ചെമ്പകമരത്തിൻ ചില്ലയിൽ

കണ്ടുഞാൻ ഒരുനാൾ

ഒരുകുഞ്ഞു കുരുവിക്കൂട്

കൗതുകം കൊണ്ടു ഞാൻ

ദിനവും നോക്കിനിന്നു

അതിൻ ചെയ്തികളെ

പോകെ പോകെ നാലഞ്ചു

കുഞ്ഞുസുന്ദരമുട്ടകൾ

വിരിഞ്ഞു ചേലിലായി കുഞ്ഞുങ്ങൾ

ചുറ്റും പമ്മിനടന്ന

കണ്ടൻ പൂച്ചയെ ഓടിച്ചു

സംരക്ഷിച്ച ഞാൻ

ഒരു രാത്രിയുടെ ഭീകരതയിൽ

മഴവെള്ളപ്പാച്ചിലിൽ

വീടൊരു  മൺകൂടാരമായി



ഓടിപ്പോയ് ഞാൻ

ഓർത്തീല കുഞ്ഞുങ്ങളെ

നാലഞ്ചുദിനം കഴിഞ്ഞു

ഞാൻനോക്കുമ്പോൾ



വീടില്ല,ചെമ്പകമരവുമില്ല

കണ്ണീർ നിറഞ്ഞു ഞാൻ

ചുറ്റിലും നോക്കി

മണ്ണിനടിയിലായി, കുരുവിക്കൂട

ഒരു കിളിക്കരച്ചിൽകേട്ടു

ഞാൻ തിരിഞ്ഞുനോക്കി

അമ്മക്കിളി വേദനയോടെ

തിരയുന്നകുഞ്ഞുങ്ങളെ

എൻ  വീട്ടുപോയതിലും

ദുഖം മനസ്സിലൂറി  അപ്പോൾ.



പ്രിയാ   ഷാജി

# കുഞ്ഞിക്കൈകളിൽ മധുരം

## *വൈറ്റ് ഫോറസ്റ്റ് കേക്ക്*

*സാമഗ്രഹികൾ*

*1.മുട്ട -14*

*2.മൈദാ മാവ് -1 കിലോ*

*3.പഞ്ചസാര -3/4 ഗ്രാം*

*4.ബേക്കിംഗ് സോഡാ*

*5.ബേക്കിംഗ് പൗഡർ*

*6.വാനിലാ എസ്സൻസ്സ്*

*7.പാൽ -1 ലി .*

*8.എണ്ണ*

*9.ക്രീം -1 ലി .*

*10.ഷുഗർ സിറപ്പ്*

*11.ചെറി*

*12.വൈറ്റ് ചോക്ലേറ്റ്*

*തയ്യാറാക്കുന്ന വിധം*

*ആദ്യമായിട്ട് കേക്കിന് ആവശ്യ മായുള്ള മിക്സ്*

തയ്യാറാക്കാം .അതിന് ഒരു പാത്രമെടുത്ത് അതിലേക്ക് 14 മുട്ടയും പൊട്ടിച്ച് പാത്രത്തിലേക്ക് ഒഴിക്കാം . നന്നായി ബീറ്റ് ചെയ്യതതിനുശേഷം ആവശ്യ ത്തിന് പഞ്ചസാര ചേർത്ത് നന്നായി ഇളക്കുക . 1 കിലോ മാവിന് മുക്കാൽ കിലോ എന്ന അളവിനാണ് ചേർക്കുന്നത് .ഘട്ടം ഘട്ടമായി ഇട്ട് പഞ്ചസാര നന്നായി യോജിപ്പിച്ചെടുക്കുക.ബാക്കി പഞ്ചസാര മാറ്റി വെയ്ക്കുക. നന്നായി ഇളകി വന്ന മിക്സിലേക്ക് നാലഞ്ച് ടേബിൾ സ്പൂൺ ഓയിൽ ഒഴിച്ച് മിക്സ് ചെയ്യുക .വാനില എസൻസ് ചേർത്ത് യോജിപ്പിക്കുക .മിക്സ് മാറ്റി വെയ്ക്കുക . 1kg മാവ് ഘട്ടം ഘട്ടമായി ബേക്കിംഗ് പൗഡറും ബേക്കിംഗ് സോഡയും ചേർത്ത് മൂന്ന് പ്രാവശ്യം അരിച്ചെടുക്കുക .ആദ്യത്തിലെ മിക്സിലേക്ക് മൈദ ഇട്ട് നന്നായി മിക്സ് ചെയ്യെടുക്കുക .ചൂട് പാൽ ചേർത്ത് മിക്സ് ഒന്ന് അയച്ചെടുക്കുക . ബേക്ക് ചെയ്യാനുള്ള പാത്രത്തിൽ അടിഭാഗത്തായി എണ്ണ തേച്ച് പിടിപ്പിക്കുക .പാത്രത്തിനകത്തേക്ക് തയ്യാറാക്കിവെച്ച മിക്സ് ഇട്ട് കൊടുക്കുക . അതിനുശേഷം അടച്ചുവെച്ച് ബേക്ക് ചെയ്യെടുക്കുക . 1litre ക്രീം പഞ്ചസാരചേർത്ത് യോജിപ്പിച്ചെടുക്കുക

.കേക്ക് ചൂടാറിയശേഷം പുറത്തെടുക്കുക .കേക്ക് രണ്ടായി മുറിച്ച് അതിനകത്തേക്ക് ഷുഗർ സിറപ്പ് അതിന് മുകളിലാ യി ക്രീം എന്നിവ തേച്ച് പിടുപ്പിക്കുക .അതിനുമുകളിലായി ചെറി ഇട്ട് കൊടുക്കുക.ആദ്യത്തെ പീസ് അതിന് മുകളിലായി വയ്ക്കുക.അതിന് മുകളിലേക്ക് ഷുഗർ സിറപ്പ് ഇട്ട് കൊടുക്കുക. എല്ലാ വശത്തും ക്രീം തേച്ച് പിടുപ്പിക്കുക .അതിനു മുകളിലായി വൈറ്റ് ചോക്ലേറ്റ് വിതറുക .ചെറുതായി ക്രീം വെച്ച് പൂക്കളുപോളെ ഉണ്ടാക്കുയതിനുശേഷം ചെറി അതിനുമുകളിലായി വെയ്ക്കുക .വൈറ്റ് ഫോറസ്റ്റ് കേക്ക് റെഡി .



സാനിയ ജോസഫ്

# <u>കണക്കിലെ കളികൾ</u>

*1)* രാമുവിന് ഏഴ് ആൺമക്കളാണ്.അവർക്കോരുത്തർക്കും ഓരോ സഹോദരിമാരുമുണ്ട്.എങ്കിൽ രാമുവിന്റ മക്കളുടെ എണ്ണമെത്ര?

ഉ:   8. 7 ആൺ മക്കളും ഒരു പെൺ കുട്ടിയും.

2)  ഇരുപത്തിയൊന്നിൽനിന്ന് എത്ര പ്രാവശ്യം ഒന്ന് കുറക്കാൻ കഴിയും?

ഉ:   ഒരു പ്രാവശ്യം. കാരണം പിന്നീട് ഇരുപത്തിയൊന്ന് ഉണ്ടാവില്ല .

3)  1 മുതൽ 100 വരെയുള്ള എണ്ണൽ  സംഖ്യകളിൽ എത്ര ഏഴുകളുണ്ട് ?

ഉ:  20

4)  1 , 2 , 6 , 15 ഈ സംഖ്യാശ്രേണിയിലെ  അടുത്ത സംഖ്യ ഏത് ?

ഉ:  31

5)  മൂന്നക്കമുള്ള  ഒരു സംഖ്യയെ  4 കൊണ്ട് ഗുണിച്ചാൽ അഞ്ച്  കിട്ടും.സംഖ്യ ഏത് ?

ഉ:  1.25

6)  മൂന്നക്കങ്ങളുപയോഗിച്ച്  എഴുതാവുന്ന ഏറ്റവും വലിയ സംഖ്യ ?

ഉ:  999

7)  16  പ്രാവശ്യം  4 ഉപയോഗിച്ച് 1000  ഉണ്ടാക്കാമോ ?

ഉ:  444+444+44+44+4+4+4+4+4+4

=1000

8)  8 ന്റെ നാലിൽ ഒന്നിന്റെ രണ്ടിലൊന്നിന്റെ വർഗ്ഗമെത്ര ?

ഉ :  1



തെരേസ മരിയ തോമസ്

# <u>അമ്മയുടെ സ്നേഹം</u>

ഒരിടത്ത് ഒരു കാക്ക ഉണ്ടായിരുന്നു.

1. കാക്കയുടെ പേര് ചക്കി എന്നായിരുന്നു.
2. അവൾ പറക്കാൻ 😊 മിടുക്കിയായിരുന്നു.
3. അവൾ എപ്പോഴും പഴങ്ങൾ തിന്നിരുന്നു.
4. അവൾക്ക് രണ്ട് മക്കളുണ്ടായിരുന്നു. അക്കു, അപ്പു എന്നായിരുന്നു അവരുടെ പേര്.
5. അവര്‍ മിടുക്കരായിരുന്നു. ഒരു ദിവസം ഒരു 😭 പാമ്പ് കുട്ടികളെ പിടിക്കുവാനായി വന്നു. എന്നാൽ, ചക്കികാക്ക പാമ്പിനെ കൊത്തി താഴെയിട്ടു.അപ്പോൾ തങ്ങളുടെ അമ്മയുടെ യഥാർത്ഥ സ്നേഹം അവർക്ക് മനസ്സിലായി. അവര്‍ 😁 പിന്നീട് സുഖമായി ജീവിച്ചു. അമ്മ അവർക്ക് പഴങ്ങൾ കൊണ്ടുകൊടുത്തു. ആ അമ്മ അവരെ ചിറകോട് ചേർത്തുപിടിച്ചു. കുഞ്ഞുങ്ങൾ അമ്മയുടെ സ്നേഹത്തിലാണ്ടുകൊണ്ട്

*നിദ്രയിലേക്ക് വീണു.*

*അബിജിത് ഗോപി*



# <u>ഉപ്പിന്റെ കൗതുകം</u>

പസഫിക് സമുദ്രത്തിലെയും അറ്റ്ലാന്റിക് സമുദ്രത്തിലെയും വെള്ളത്തിലെ ഉപ്പിന്റെ അളവ് ഏകദേശം ഒരുപോലെയാണ്.എന്നാൽ ഇതിനെക്കാൾ അല്പം ഉപ്പ കൂടുതലണ് മെഡിറ്ററേനിയൻ കടലിലെ വെള്ളത്തിന്. കാസ്പിയൻ കടൽ, ബാൾട്ടിക് കടൽ



തുടങ്ങിയവയിലാകട്ടെ,ഉപ്പ കുറവും!

പസഫിക്കിലെ വെള്ളത്തിലുള്ളതിന്റെ ഏകദേശം പത്തുമടങ്ങ് ഉപ്പുണ്ട് ഇസ്രയേലിലെ ചാവുകടൽ എന്ന തടാകത്തിന്.

## ഏറ്റവും ഉപ്പുള്ള തടാകം

അന്റാർട്ടിക്കയിലാണ്- ഡോൺ ജുവാൻ പോണ്ട്. പസിഫിക് സമുദ്രത്തിലെ വെള്ളത്തിന്റെ ഏകദേശം പതിമൂന്ന് മടങ്ങ് ഉപ്പുണ്ട് ഇതിൽ!



*ജോസു മാത്യൂസ്*

# <u>കാക്കയും   കൊക്കും</u>

ഒരിടത്ത് രണ്ട് കൊക്ക് ഉണ്ടായിരുന്നു അവരുടെ നിറം വെള്ളയായിരുന്നു. ഒരുദിവസം ഒരുകാക്ക ദാഹത്താൽ വലഞ്ഞ് ഒരു തടാകത്തിൽ എത്തി.കാക്ക അവരോട് എനിക്ക് കുറച്ച് വെള്ളം തരുമോ എന്ന് ചോദിച്ചു.അവർ പറഞ്ഞു നിന്റെ നിറം കറുപ്പായതിനാൽ ഈ വെള്ളം അശുദ്ധമാകും അതുകൊണ്ട് നീ ഈ വെള്ളം കുടിക്കരുത്. പിന്നെ ആ തടാകടത്തിലൂടെ ഒരു ചീഞ്ഞളിഞ്ഞ പാമ്പ് ഒഴുകിയെത്തി. അപ്പോൾ

*കൊക്കിന് സങ്കടമായി. കൊക്കിന്റെ സങ്കടം കണ്ട് കാക്ക പറന്നുവന്ന് പാമ്പിനെ എടുത്തുകൊണ്ടുപോയി. അപ്പോൾ കൊക്കിന് സന്തോഷമായി. പിന്നീടൊരിക്കലും കാക്കയെ  കൊക്കുകൾ കളിയാക്കിയില്ല.*



*ജിബി ബിജു*

# ക്വിസ്

1. *'ഇനി ക്ഷേത്രനിർമ്മാണമല്ല വിദ്യാലയ നിർമ്മാണമാണ് വേണ്ടത് " ഇതാരുടെ വാക്കുകളാണ്?*

   *ഉ :-ശ്രീനാരായണ ഗുരു*

2. *'സിറ്റി ഓഫ് ജോയ്'എന്ന കൃതിയുടെ കർത്താവ് ആരാണ്?*

   *ഉ :-ഡൊമനിക് ലാപിയർ*

3. *കേരളസാഹിത്യ അക്കാദമിയുടെ ആസ്ഥാനം എവിടെയാണ്?*

   *ഉ :-തൃശ്ശൂർ*

4. *ഇന്ത്യയിൽ ശാശ്വത ഭൂനികുതി വ്യവസ്ഥ*

നടപ്പിലാക്കിയ ഗവർണ്ണർ ജനറൽ ആരാണ്?

ഉ :-കോൺവാലിസ്സ്

5. 'ആഷാമേനോൻ" എന്ന തൂലികാനാമം

ആരുടേതാണ്

ഉ :-കെ.ശ്രീകുമാർ

6.വിജയനഗര സാമ്രാജ്യത്തിന്റെ തലസ്ഥാനം

ഏതായിരുന്നു ?

ഉ :-ഹംപി

7. വിമാനങ്ങൾ സഞ്ചരിക്കുന്ന അന്തരീക്ഷപാളി

ഏതാണ്?

ഉ :-സ്ട്രാറ്റോസ്ഫിയർ

8. കോശത്തിലെ പവർഹൗസ് എന്നറിയപ്പെടുന്ന

കോശാംഗം ഏതാണ്?

ഉ :-മൈറ്റോകോൺഡ്രിയ

9. *ലോകാരോഗ്യ സംഘടന ഇന്ത്യയെ പോളിയോ വിമുക്ത രാജ്യമായി പ്രഖ്യാപിച്ച വർഷമേത് ?*

*ഉ :-2014*

10. *നിവർത്തന പ്രക്ഷോഭവുമായി ബന്ധപ്പെട്ട ചരിത്ര പ്രസിദ്ധമായ കോഴഞ്ചേരി പ്രസംഗം നടത്തിയതാര് ?*

*ഉ :-സി .കേശവൻ*

11. *ഏഷ്യൻ ഗെയിംസിൽ ആദ്യമായി സ്വർണ്ണം നേടിയ വനിത ?*

*ഉ:-കമൽജിത്ത് സിന്ദു.*

12. *വേഗം കുറഞ്ഞ ഫിഫ്റ്റി താരം ?*

*ഉ :-സലിം ദുറാനി*

13. കേരള സംസ്ഥാനം നിലവിൽ വന്ന തീയതി ?

ഉ:-1956 നവംബർ 1

14. കേരളത്തിന്റെ തലസ്ഥാനം ഏതാണ് ?

ഉ :-തിരുവനന്തപുരം

15. കേരളത്തിന്റെ തീരദേശത്തിന്റെ നീളം ?

ഉ :-590 കി . മീ .

16. കേരളത്തിന്റെ ഔദ്യോഗിക മൃഗം ഏതാണ് ?

ഉ :-ആന



ഗോപിക എം മനോജ്

# തൊഴിൽ മേഖലയിലെ കാപട്യം

*ഇന്ന് തൊഴിൽ മേഖലയിൽ ആത്മാർത്ഥതയും മൂല്യബോധവും നിലനിൽക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ മൗനം അവലംബിക്കേണ്ടിവരും. ഇന്ന് ഓരോ തൊഴിൽ രംഗവും ഓരോ കച്ചവടമാണ്.അവിടെ സത്യസന്ധതക്കും ആത്മാർത്ഥതക്കും സ്ഥാനമില്ല . ജീവിതത്തിൽ നമ്മൾ ചെയ്യുന്ന ഓരോ തൊഴിലിനും ഓരോ അടിസ്ഥാനവും മഹിമയും ഉണ്ട് . അത് കണ്ടെത്തുമ്പോഴാണ് ഓരോരുത്തരും അവനവനിലുള്ള ഉത്തരവാദിത്വം തിരിച്ചറിയുന്നത്.*

*നമ്മൾ പത്രമാധ്യങ്ങളിലും മറ്റും കണ്ടതാണ് നിപ്പാബാധിച്ചവരെ ഒരു രാത്രി മുഴുവൻ പരിചരിക്കാൻ തയ്യാറായ ലിനി എന്ന പെൺകുട്ടിയേക്കുറിച്ച് .സ്വന്തം ജീവിതം പോലും മറന്ന് അവൾ രക്ഷിച്ചത് അവൾക്ക്*

ഒരു പരിചയവുമില്ലാത്ത മൂന്ന് പേരെയാണ്. ഇതാണ് ഇന്നത്തെ സമൂഹത്തിനും ആവശ്യം .ഒരു നാണയത്തിന് ഇരുപുറമുള്ളതുപോലെ നന്മയും തിന്മയും ഏതൊരു തൊഴിൽ മേഖലയിലുമുണ്ട് . നന്മയെ പ്രോത്സാഹിപ്പിക്കുവാനും തിന്മയെ എതിർക്കുവാനും




നമുക്കാവണം. മറ്റുള്ളവരെ സേവിക്കുവാനായുള്ള ഓരോ വാതിലുകളാണ് നമുക്കുചുറ്റുമുള്ള ചെറുതും വലുതുമായ ഒരോ തൊഴിലുകൾ.പ്രളയത്തിനു മുൻപിൽ ഒരു നിമിഷം കൊണ്ട് നിശ്ചലമായ കേരളത്തെ നാം കണ്ടതാണ്. നീർക്കുമിളയ്ക്ക് സമമായ ജീവിതത്തിൽ നമുക്ക് നൽകപ്പെടുന്ന തൊഴിലുകൾ ആത്മാർത്ഥതയോടെ

ചെയ്യുവാനും മറ്റുള്ളവർക്ക് സഹായഹസ്തങ്ങളായി മാറുവാനും നമുക്ക് പരിശ്രമിക്കാം. അനേകർക്ക് മാതൃകയായിത്തീരുവാനും ഈ പുതുവർഷത്തിൽ നമുക്ക് പരിശ്രമിക്കാം .

*പ്രിയ ഷാജി*



# ഈശ്വരൻ സാക്ഷിയായ്

എൻ പ്രിയ ഹൃത്തിൻ സോന്ദവാം
നീയെന്നെ സ്നേഹിച്ചീടാമോ
ഒരു തവണ ഒരെറ്റത്തവണ
എങ്കിലും നിന്നെ ഞാൻ
ഹൃത്തിനൊരോർമ്മയായ്
സ്നേഹിച്ചീടാം മുത്തേ
നിത്യചൈതന്യമാം നിന്നെ ഞാൻ
ഓർമ്മയിൽ സൂക്ഷിച്ചീടാമേ.....
ഈശ്വരനാമോമ്മയിൽ നിന്നെ
ഞാൻ ഗമിപ്പൂ നീ എൻ മനസ്സിലെ
പുണ്ണ്യ തീർഥം
പുണ്ണ്യമാം തീർഥമേ നിന്നെ
ഞാൻ പൂജിച്ചീടാം എൻ
മനസ്സിലെ  കണ്ണിലുണ്ണിയായ്
കണ്ണിലുണ്ണിയാം നീ
എൻ മനസ്സിലെ കെടാവിളക്കല്ലോ

ഈശ്വരൻ സാക്ഷിയാം
ജീവിതമല്ലെയോ
നീ തന്നൊരാ
ജീവിതം നക്കിക്കിഷ്ടമലേ
കാലമാം കരാളത്തിൽ
ശ്രീ തൻ ഹൃദയം തുടിപ്പ്
മനസ്സിൽ നിൻ മുഖം
ദാർപ്പൂ............................
ഈശ്വരാ നീ നൻ
സാക്ഷിയാം എൻ ജീവ്തം



പവിത്ര മാത്യു

# ഗണിത ഗുരു

1. *പൂർത്തിയാക്കുക.*

5,14 , 35,6 , 70,3 42,5 , 7,30 , 21, ?

ans:10. *മുകളിൽ കൊടുത്തിരിക്കുന്നവ തമ്മിൽ ഗുണിക്കുമ്പോൾ 210 ലഭിക്കുന്നു.*

2. *മൂന്ന് നമ്പറുകളുടെ ശരാശരി 32 ആണ്. ഇതിൽ തന്നെ രണ്ടു നമ്പറുകളുടെ ശരാശരി 29 ആണ്.അപ്പോൾ മൂന്നാമത്തെ നമ്പർ എത്ര?*

(A)38 , (B)34 , (C)49 , (D)54

ans: (A)38. (32*3)-(29*2)

3. *പൂരിപ്പിക്കുക.*

7 , 6 , 9 , 8

9 , 3 , 11 , 6

11 , 1 , 4 , 7

52 , 17 , 95 , ?

ans:-41. *നാലാമത്തെ നിര കണ്ടുപിടിക്കാൻ ആദ്യത്തെ രണ്ടു നിരകൾ തമ്മിൽ ഗുണിച്ചതിൽ നിന്നും*

മൂന്നാമത്തെ നിര കുറച്ചാൽ മതി.

4. താഴെ കൊടുത്തിരിക്കുന്ന സമവാക്യത്തിന്റെ ഉത്തരം കണ്ടെത്തുക.

3*3+4*4-4=?

ans:-48.

5. ജോണിന് ബന്ധുക്കളാരും ഇല്ല. അപ്പോൾ ജോണിന്റെ അമ്മയുടെ അനിയന്റെ brother-in- law ജോണിന്റെ ആരാണ്?

(A)ജോണിന്റെ അച്ഛൻ (B)ജോണുമായി ഒരു ബന്ധവുമില്ല

(C)ജോണിന്റെ അനിയൻ

**ans:**-ജോണിന്റെ അച്ഛൻ.

6. പൂർത്തിയാക്കുക. ഇതിലേ സമവാക്യവും പൂരിപ്പിക്കുമല്ലോ?

**1 + 4 = 5**

2 + 5 =12

3 + 6 = 21

8 + 11 = ?

ans:- 96 , A + B= A +AB

7. താഴെ കൊടുത്തിരിക്കുന്ന സമവാക്യത്തിന്റെ

*ഉത്തരം കണ്ടെത്തുക.*

**2 - 2 * 2 + 2**

a) 0

b)2

c)4

ans:-2

8. *പൂരിപ്പിക്കുക.*

**(6 , 8 , 18) , (12 , 6 14) , (? , 2 ,22)**

**ans:-8.** *ഓരോ കൂട്ടത്തിലേയും സംഖ്യകൾ തമ്മിൽ കൂട്ടുമ്പോൾ 32 ആണ് കിട്ടുന്നത്.*

9. *താഴെ കൊടുത്തിരിക്കുന്ന സമവാക്യത്തിന്റെ ഉത്തരം ഏതാണ്?*

**4 * 4 + 2 * 2 - 2 = ?**

ans:- 18.

10. *ലാൻറ്ഫോണിന്റെ നമ്പരുകളുടെ ആകെ തുക എത്ര ?*

ans:- 0.കാരണം നമ്പരുകളുടെ അവസാനത്തെ അക്കം 0 ആണ്.



ശ്രീലക്ഷമി മോഹനൻ


Thanks